**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2920** **22.6.2012-ൽ മറുപടിക്ക്**

**നഗരങ്ങളിലെ ഖരമാലിന്യപ്രശ്നം**
**പരിഹരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) 'മാലിന്യമുക്ത കേരളം' എന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | എ) മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറവിട മാലിന്യസംസ്കരണ പദ്ധതിയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രോജക്ടുകൾ തയ്യാറാക്കിയും സർക്കാർ പരമാവധി സബ്സിഡി നൽകിയും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഊർജ്ജിത നടപടിയെടുത്തും കേരള സംസ്ഥാനം മാലിന്യ വിമുക്തമാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |
| ബി) കേരളത്തിൽ ഏതെങ്കിലും പ്രദേശമോ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ/ കോർപ്പറേഷനോ മാലിന്യമുക്തമായി പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ബി) ഇല്ല. |
| സി) മഴക്കാലം ശക്തിപ്രാപിക്കുന്നതിനു മുൻപ് നഗരങ്ങളിലെ ഖരമാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതി സർക്കാരിന്റെ മുന്നിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ സർക്കാർതലത്തിൽ പരമാവധി സബ്സിഡി നൽകികൊണ്ട് നടപ്പിലാക്കി വരുന്നു. നഗരങ്ങളിലെയും മുൻസിപ്പാലിറ്റികളിലേയും ഖരമാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് നഗരസഭകൾ ഏറ്റെടുക്കുന്ന പദ്ധതികൾക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോകമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്. പോട്ട് കമ്പോസ്റ്റ് തുടങ്ങിയ പദ്ധതികളും പരമാവധി സബ്സിഡിയോടെ നടപ്പിലാക്കി വരുന്നു. കൂടാതെ മാലിന്യസംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കുവാൻ നഗരസഭകൾക്ക് സംസ്ഥാന ശുചിത്വമിഷൻ സാങ്കേതിക സഹായവും നൽകി വരുന്നു.<br><br>മഴക്കാല ശുചീകരണ പ്രവർത്തനം നടപ്പിലാക്കാൻ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് 7,92,00,000 രൂപ ശുചിത്വമിഷൻ വഴി സർക്കാർ ഇതിനകം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ